**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5002** **04-07-2024 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ ഉത്തരവാദിത്ത ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിയ ശേഷം ടൂറിസം മേഖലയിൽ പ്രാദേശിക തൊഴിലുകളിൽ വളർച്ച ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ? | (എ) | ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പിലാക്കിയ ശേഷം ടൂറിസം മേഖലയിൽ പ്രാദേശിക തൊഴിലുകളിൽ വളർച്ച ഉണ്ടായിട്ടുണ്ട്. കേരളത്തിലെ ടൂറിസം വ്യവസായം, വിവിധ ഘട്ടങ്ങളിൽ ആയി നടന്ന ഉത്തരവാദിത്ത പ്രവർത്തനങ്ങളിലൂടെ പ്രാദേശിക സമൂഹത്തിന് പ്രയോജനം ചെയ്തു. ആഗോള ടൂറിസം രംഗത്ത് ഒരു ആശയമായി മാത്രമായി നിലനിന്നിരുന്ന ഉത്തരവാദിത്ത ടൂറിസത്തിന് ഒരു പ്രാവർത്തിക മാതൃക സൃഷ്ടിച്ചുകൊണ്ട് ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയായി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ കേരളത്തിൽ മാറിയിരിക്കുന്നു. ടൂറിസം മേഖലയ്ക്കാവശ്യമായ പ്രത്യക്ഷ പരോക്ഷ ഉത്പന്നങ്ങളും സേവനങ്ങളും ലഭ്യമാക്കുവാൻ, വിവിധ പരിശീലനങ്ങളിലൂടെ പ്രാദേശിക ജനസമൂഹത്തെ പ്രാപ്തമാക്കുകയാണ് ചെയ്യുന്നത്.<br><br>ടൂറിസം രംഗത്തെ മാറിവരുന്ന അഭിരുചികൾക്കനുസരിച്ച് വിവിധ പരിശീലനങ്ങൾ പ്രാദേശിക സമൂഹത്തിന് നൽകുകയും ഇപ്രകാരം പരിശീലനം ലഭിച്ച ആളുകളെ ആർ.ടി. യൂണിറ്റുകളായി രജിസ്റ്റർ ചെയ്ത് ഈ യൂണിറ്റുകൾ വഴി ചെറുതും വലുതുമായ വിവിധ സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് തൊഴിലും വരുമാനവും ഉറപ്പാക്കുന്നു. നിലവിൽ കെ.ആർ.ടി.എം സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന പ്രാദേശിക യൂണിറ്റുകളുടെ എണ്ണം 25,188 ആണ്. ഈ യൂണിറ്റുകളുടെ പ്രവർത്തനം വഴി 52,344 പ്രത്യക്ഷ ഗുണഭോക്താക്കളും 98,432 പരോക്ഷ ഗുണഭോക്താക്കളും സംസ്ഥാനത്തുണ്ട്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ മൂന്നാം ഘട്ടത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനമാരംഭിച്ച 2017 ഓഗസ്റ്റ് മാസം മുതൽ 2024 മാർച്ച് 31 വരെ |

| | | | |
|---|---|---|---|
| | | | 77.61 കോടി രൂപയുടെ പ്രാദേശിക വരുമാനം ആർ ടി യൂണിറ്റുകളുടെ പ്രവർത്തനങ്ങളിലൂടെ ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ